# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*6 26.09.2016 - ൽ മറുപടിയ്ക്ക്**

## കാരുണ്യാ ഫാർമസി വഴി വിതരണം ചെയ്യുന്ന മരുന്നുകളുടെ അമിതവില

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാജൻ :<br>ശ്രീമതി.ഇ.എസ്.ബിജിമോൾ :<br>ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ :<br>ശ്രീമതി. ഗീതാ ഗോപി : | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| (എ) ക്യാൻസറിനുള്ള മരുന്ന് ഉൾപ്പെടെ, കാരുണ്യാ ഫാർമസി വഴി വിതരണം ചെയ്യുന്ന മരുന്നുകൾക്ക് അമിതവില ഈടാക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ; | ഉണ്ട്. കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസികളിൽ നൽകാൻ കഴിയുന്നയത്രയും വിലക്കുറവ് നൽകാത്ത മരുന്നുകൾക്ക് അടിയന്തിരമായി വില കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| (ബി) കൂടുതൽ മരുന്ന് സംഭരിക്കുമ്പോൾ ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ഉപഭോക്താക്കളിലേക്ക് കൈമാറുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | കൂടുതൽ മരുന്ന് സംഭരിക്കുമ്പോൾ ലഭ്യമാകുന്ന പ്രത്യേക വിലക്കിഴിവ് കമ്പനികളുടെ സ്റ്റോക്കിസ്റ്റ് വിലയേക്കാൾ കുറയാതെയും എന്നാൽ മറ്റു ന്യായവില ഫാർമസികളിലെ വിലയേക്കാൾ കുറഞ്ഞും വരത്തക്കരീതിയിൽ പരമാവധി ജനങ്ങൾക്ക് ആനുകൂല്യം ലഭ്യമാകത്തക്കരീതിയിൽ വില്പന നിശ്ചയിക്കുകയാണ് ഇപ്പോൾ ചെയ്തുവരുന്നത്. കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസിയിൽ വില്പനവില പുനക്രമീകരിക്കുന്നതിനായി നിശ്ചയിച്ച മാനദണ്ഡം താഴെക്കൊടുക്കുന്നു. |

| ക്രമ നം | മരുന്നുകൾ | വിഭാഗം | വില്പന വില നിശ്ചയിക്കാനുള്ള മാനദണ്ഡം |
|---|---|---|---|
| 1 | ബ്രാൻഡഡ് മരുന്നുകൾ | ജനറൽ | കോർപ്പറേഷൻ സംഭരിക്കുന്ന വിലയുടെ 7% വരെ |
| 2 | ബ്രാൻഡഡ് മരുന്നുകൾ | പ്രത്യേക വിലക്കിഴിവിൽ ലഭിക്കുന്നവ | സംഭരിക്കുന്ന വിലയുടെ 12% വരെ |

| | | | |
|---|---|---|---|
| 3 | ബ്രാൻഡഡ് മരുന്നുകൾ | പ്രത്യേക വിലക്കിഴിവ് ലഭിക്കുമ്പോൾ കമ്പനിയുടെ സ്റ്റോക്കിസ്റ്റ് വിലയേക്കാൾ താഴെ ആകുന്നവ | കാരുണ്യ വിലപേശൽ സമിതിയുടെയും വില അംഗീകാര സമിതി-യുടെയും പ്രത്യേക അംഗീകാരത്തോടു കൂടി പൊതുവിപണിയിലെ വിലയുമായി താരതമ്യ-പ്പെടുത്തി വിൽപ്പന വില നിശ്ചയിക്കുന്നു |
| 4 | സർജിക്കൽ മരുന്നുകൾ | സർജിക്കൽ | സംഭരിക്കുന്ന വിലയുടെ 10 മുതൽ 20% വരെ |
| 5 | കൺസ്യൂമബിൾസ് | ജനറൽ | സംഭരിക്കുന്ന വിലയുടെ 10 മുതൽ 20% വരെ |
| 6 | ബ്രാൻഡഡ് മരുന്നുകൾ (ഇൻസുലിൻ, ക്യാൻസർ മരുന്നുകൾ. വിലകൂടിയ മറ്റു മരുന്നുകൾ എന്നിവ) | വിപണി വില കണക്കിലെടുത്ത് | സംഭരിക്കുന്ന വിലയുടെ 7 ശതമാനത്തിൽ കുറവ് |

| | |
|---|---|
| സി) കാരുണ്യാ ഫാർമസി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | നിലവിൽ സംസ്ഥാനത്തുടനീളം 49 കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസികളും 4 ഡിപ്പോകളും പ്രവർത്തിച്ചുവരുന്നു. കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസികൾ സ്ഥാപിക്കുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിൽ തളിപ്പറമ്പ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പയ്യന്നൂർ താലൂക്കാശുപത്രി, കൂത്തുപറമ്പ് താലൂക്കാശുപത്രി, തലശ്ശേരി ജനറൽ ആശുപത്രി പേരാമ്പ്ര താലൂക്കാശുപത്രി, മണ്ണാർക്കാട് താലൂക്കാശുപത്രി, തൃശ്ശൂർ ജനറൽ ആശുപത്രി, ചങ്ങനാശ്ശേരി ജനറൽ ആശുപത്രി, വക്കം താലൂക്കാശുപത്രി, കല്പറ്റ ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ പുതുതായി കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ടി ആശുപത്രികളിൽ കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസികൾ ഒരു മാസത്തിനുള്ളിൽത്തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സ്വീകരിച്ചുവരുന്നു. പുതിയ കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക്, ആയതിലും സർക്കാർ അനുകൂലമായ തീരുമാനം കൈക്കൊള്ളുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ